രാജ്യാന്തര ചലച്ചിത്രമേള
വാർത്താക്കുറിപ്പ്
Media Centre, IFFK 2007, Thiruvananthapuram - 695 010
Ph: 0471-2115111, 2310323, 2312214 Fax: 0471-2338326, E-mail: iffkmedia07@gmail.com

123/iffkmedia/07
13.12.2007

## രാജ്യാന്തര ചലച്ചിത്രമേള

# ചെറുത്തുനില്പിന്റെ ദാർശനിക വെല്ലുവിളി

ചെറുത്തു നിൽക്കുന്നവന്റെ ദാർശനിക വെല്ലുവിളികൾ ചർച്ച ചെയ്ത പാൻസ് ലാബരിന്ത് രാജ്യാന്തരമേളയിലെ ഏറ്റവും ശ്രദ്ധനേടിയ ചിത്രങ്ങളിലൊന്നായി. ഗില്ലർമോ ഗോമസിന്റെ ഈ സ്പാനിഷ് ചിത്രം പ്രത്യക്ഷത്തിൽ ഫാന്റസിയും ഐതിഹ്യങ്ങളുമാണെങ്കിൽ അതിന്റെ അന്തർധാര ഫാസിറ്റ് സ്പെയിനിന്റെ രാഷ്ട്രീയ പ്രശ്നങ്ങളാണ്. ചെറുത്തുനില്പിനുള്ള മനുഷ്യന്റെ ജന്മവാസന വികസിച്ച് പ്രതിഷേധത്തിന്റെ മായിക കവചമായി മാറുന്നു. തനിക്ക് പറയാനുള്ള ചെറിയ രാഷ്ട്രീയ സന്ദേശനത്തിനായി ഒരു വലിയ ക്യാൻവാസിൽ, പ്രേക്ഷകന്റെ സ്വപ്ന സഞ്ചാരത്തിലൂടെ വലിയൊരു അരങ്ങൊരുക്കുക മാത്രമാണ് ഗില്ലർമോ ചെയ്തിരിക്കുന്നത്. നിരപരാധികളെ ബലിയാടാക്കാതെ ആത്മത്യാഗം ചെയ്യുന്ന ക്യാപ്റ്റന്റെ സന്ദേശമാണ് പാനിന്റെ രാവണൻ കോട്ട എന്ന് അർത്ഥം വരുന്ന പാൻസ് ലാബ്രിന്തിലൂടെ ഗില്ലർമോയ്ക്ക് പറയാനുള്ളത്. അതുപറയാൻ വേണ്ടി പ്രേക്ഷകനായി അയാൾ കെണിയൊരുക്കുന്നു. തന്നെയും തന്റെ ചിത്രത്തെയും സമ്പന്നതയുടെ ഭ്രാന്തിൽ മദിച്ചു കഴിയുന്ന സ്പാനിഷ് ജനതയുടെ ശ്രദ്ധയ്ക്കു മുന്നിൽകൊണ്ടുവരാൻ ഗില്ലമോ നടത്തിയ തീവ്രമായ ശ്രമമാണ് പാൻസ് ലാബ്രിന്തിലുടെ പ്രേക്ഷകന് കാണാൻ കഴിഞ്ഞിത്. ഇന്നലെ രാവിലെ കലാഭവനിലാണ് പാൻസ് ലാബരിന്ത് പ്രദർശിപ്പിച്ചത്.

========